# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.6256** **20.11.2019 ലെ മറുപടി**

## തിരുവേഗപ്പുറ പഞ്ചായത്തിലെ കാലടി കുന്ന് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി

**ചോദ്യം**

**ശ്രീ.മുഹമ്മദ് മുഹസിൻ.പി :**

(എ) പട്ടാമ്പി മണ്ഡലത്തിലെ തിരുവേഗപ്പുറ പഞ്ചായത്തിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന കാലടി കുന്ന് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിശദീകരിക്കാമോ;

(ബി) പ്രസ്തുത പദ്ധതി ടെണ്ടർ ചെയ്യാവുന്ന അവസ്ഥയിൽ എത്തിയിട്ടുണ്ടോ; പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ എപ്പോൾ ആരംഭിക്കാൻ സാധിക്കും; നിർമ്മാണ പ്രവർത്തനങ്ങൾ എപ്പോൾ പൂർത്തികരിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്; വിശദമാക്കാമോ?

**മറുപടി**

**കെ.കൃഷ്ണൻകുട്ടി**
**(ജലവിഭവ വകുപ്പുമന്ത്രി)**

(എ)യും (ബി)യും

പട്ടാമ്പി മണ്ഡലത്തിൽ തിരുവേഗപ്പുറ പഞ്ചായത്തിൽ പുതിയ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ ഒന്നും തന്നെ നിർമ്മിക്കുന്ന കാര്യം ഇപ്പോൾ ജലസേചന വകുപ്പിന്റെ പരിഗണനയിൽ ഇല്ല. നിലവിൽ പ്രസ്തുത പഞ്ചായത്തിൽ ജലസേചന വകുപ്പിനു കീഴിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന കാലടിക്കുന്ന് എൽ.ഐ.എസ് 1997-ൽ കമ്മീഷൻ ചെയ്തതാണ്. ഈ സ്കീമിന്റെ മെയിൻ കനാലിന്റെ പുനരുദ്ധാരണ പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ എല്ലാം പൂർത്തിയായി. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1) പി.എം(2018-19) കാലടിക്കുന്ന് എൽ.ഐ.എസ്-ന്റെ മെയിൻ കനാലിന്റെ അറ്റകുറ്റപണികളും പുനരുദ്ധാരണവും-15 ലക്ഷം രൂപ - പ്രവൃത്തി പൂർത്തിയായി.
2) പി.എം(2018-19) കാലടിക്കുന്ന് എൽ.ഐ.എസ്-ന്റെ വാലറ്റ ഭാഗത്തെ കനാലിന്റെ അടിയന്തിര പുനരുദ്ധാരണ പ്രവൃത്തികൾ- 7.5 ലക്ഷം രൂപ. ഇതിനോടകം 75% പൂർത്തിയായിട്ടുണ്ട്. 2019 ഡിസംബർ മാസത്തോടുകൂടി പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.
3) എസ്.ഡി.ആർ.എഫ് (2018-19) - വെള്ളപ്പൊക്കത്തിൽ തകർന്ന കനാലിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ-25 ലക്ഷം രൂപ. നാളിതുവരെ 35% പൂർത്തിയായിട്ടുണ്ട്. പ്രവൃത്തി പുരോഗമിക്കുന്നു.

**സെക്ഷൻ ഓഫീസർ**